# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 13 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## മഴക്കെടുതി: ജില്ലയിൽ രണ്ട് മരണം; ദുരിതാശ്വാസ ക്യാമ്പിൽ 47978 പേർ

ജില്ലയിൽ ചൊവ്വാഴ്ച മഴക്കെടുതിയിൽ രണ്ട് പേർ മരിച്ചു. വെങ്കിടങ്ങ് കണ്ണോത്ത് പുല്ല റോഡിലെ പുളിക്കൽ നാസറിന്റെ ഭാര്യ റസിയ (47) പാടശേഖരത്തിലെ വെള്ളച്ചാലിൽ മുങ്ങിമരിച്ചു. അതുരുത്തുംതാഴം കായലിനു സമീപം ഭർത്താവിനും മകനും സഹോദരിയുടെ മകനോടുമൊപ്പം കുളിക്കാനിറങ്ങിയതായിരുന്നു. ഭർത്താവും മകനും രക്ഷപ്പെട്ടു. രക്ഷിക്കുന്നതിനിടെ വെള്ളത്തിൽ മുങ്ങിയ നിഷാമിനെ പാവറട്ടി സാൻജോസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പുതുക്കാട് നിലയ പരിധിയിൽ കോടാലിയിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ സൺഷേഡ് തകർന്നു വീണ് ഒരാൾ മരിച്ചു. കുറ്റിക്കാട് ഒറ്റക്കൊമ്പന്റെ വീട്ടിൽ സത്യൻ (42) ആണ് മരിച്ചത്.

ജില്ലയിൽ 245 ദുരിതാശ്വാസ ക്യാമ്പുകളാണുള്ളത്. 16101 കുടുംബങ്ങളിലെ 47978 പേരാണ് ക്യാമ്പുകളിലുള്ളത്. ഇതുവരെ 219 വീടുകൾ ഭാഗികമായും 22 വീടുകൾ പൂർണ്ണമായും തകർന്നു. ഇതുവരെ എട്ട് പേർ മരിച്ചു.

## ജില്ലയിൽ ഇന്ന് (ആഗ. 14) ഓറഞ്ച് അലേർട്ട്

ജില്ലയിൽ കേന്ദ്ര കാലവസ്ഥാ നിരീക്ഷണ കേന്ദ്രം ഇന്ന് (ആഗ. 14) ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചു. ഓറഞ്ച് പ്രഖ്യാപിക്കപ്പെട്ട ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായതോ അതിശക്തമായതോ ആയ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. സർക്കാർ സംവിധാനങ്ങളും പൊതുജനങ്ങളും ജാഗ്രത പാലിക്കുവാനുള്ള മുന്നറിയിപ്പാണ് ഓറഞ്ച് അലേർട്ട് കൊണ്ട് ഉദ്ദേശിക്കുന്നത്.

## ഏനാമാക്കൽ വളയംകെട്ട് പൊളിച്ചു നീക്കി

വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനാമ്മാക്കൽ ബണ്ടിനോട് ചേർന്ന് ഏനാമാക്കൽ വളയംകെട്ട് മന്ത്രി വി എസ് സുനിൽകുമാറിന്റെ നിർദേശത്തെത്തുടർന്ന് പൊളിച്ചുനീക്കി. കനത്തമഴയെ തുടർന്ന് വെങ്കിടങ്ങ് പഞ്ചായത്തു മുഴുവൻ വെള്ളത്തിലായിരുന്നു. ഏനാമ്മാവ് ബണ്ടിന്റെ എല്ലാ ഷട്ടറുകളും തുറന്നിരുന്നെങ്കിലും അരിമ്പൂർ, മണലൂർ, വെങ്കിടങ്ങ്, ഏനാമ്മാവ്, ചാഴൂർ, പുള്ളു, ആലപ്പാട്, കരിക്കോടി, പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായതിനെ തുടർന്ന് ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വളയംകെട്ടിന്റെ ഒരു വശം പൊളിച്ചുനീക്കിയിരുന്നെങ്കിലും വെള്ളക്കെട്ടിന് പരിഹാരമാകാത്തതിനെ തുടർന്നാണ് വളയംകെട്ടിന്റെ മുൻവശം പൊളിച്ചുനീക്കാൻ മന്ത്രി കർശനമായി നിർദ്ദേശിച്ചത്. ഇതുമൂലം ഒഴുക്കിനെ സുഗമമാക്കി കെട്ടിനിൽക്കുന്ന വെള്ളം കടലിലേക്ക് ഒഴുകിപോകുന്നതോടെ പ്രദേശത്തെ വെള്ളക്കെട്ടിന് ശാശ്വതമായ പരിഹാരമാകും. മുരളിപെരുനെല്ലി എംഎൽഎ, ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് അധികൃതർ എന്നിവർ സ്ഥലത്തെത്തി.

(പടമുണ്ട്)

# സിഎംഡിആർഎഫ്: ഒരു വർഷത്തെ എം.പി പെൻഷൻ സംഭാവന ചെയ്ത് ഇന്നസെന്റ്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മുൻ എം.പിയെന്ന നിലയിൽ ലഭിക്കുന്ന ഒരു വർഷത്തെ പെൻഷൻ തുക ഇന്നസെന്റ് സംഭാവന നൽകി. മൂന്ന് ലക്ഷം രൂപയുടെ ചെക്ക് തൃശൂർ കളക്ടറേറ്റിലെത്തി അദ്ദേഹം ജില്ലാ കലക്ടർ എസ്. ഷാനവാസിന് കൈമാറി. 25000 രൂപയാണ് ഇന്നസെന്റിന് ലഭിക്കുന്ന പ്രതിമാസ പെൻഷൻ. ഒരു വർഷത്തെ പെൻഷൻ തുക പൂർണ്ണമായും ദുരിതബാധിതർക്കായി നീക്കി വെക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിക്കെതിരെ നടക്കുന്ന നിക്ഷിപ്ത താൽപര്യക്കാരുടെ പ്രചാരണത്തെ ചെറുക്കേണ്ടത് ഓരോ മലയാളിയുടേയും കടമയാണ്. എം.പി ആയിരിക്കേ, രണ്ട് സന്ദർഭങ്ങളിലായി 6 മാസത്തെ ശമ്പളവും അദ്ദേഹം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തിരുന്നു. ഓഖി ദുരന്തകാലത്ത് 2 മാസത്തേയും 2018ലെ പ്രളയകാലത്ത് 4 മാസത്തേയും ശമ്പളമാണ് ഇപ്രകാരം നൽകിയത്. ഒട്ടാകെ 3 ലക്ഷം രൂപ അന്നും ഇന്നസെന്റിന്റെ സംഭാവനയായി മുഖ്യമന്ത്രിയുടെ നിധിയിൽ ലഭിച്ചു. സിഎംഡിആർഎഫ് ഏറ്റവും കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതാണെന്നും ഓരോ മലയാളിയും ഇതിന്റെ ഗുണഭോക്താവാണെന്ന കാര്യം മറക്കരുതെന്നും അദ്ദേഹം പറഞ്ഞു. കെ വി അബ്ദുൾ ഖാദർ എംഎൽഎയും ചടങ്ങിൽ പങ്കെടുത്തു.

# വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

ശക്തമായ കാലവർഷത്തെ തുടർന്ന് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിലും വെള്ളക്കെട്ട് നിലനിൽക്കുന്നതിനാലും പല സ്കൂളുകളിലും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും തൃശൂർ ജില്ലയിലെ അങ്കണവാടികൾ, പ്രൊഫഷണൽ കോളേജുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് (ആഗസ്റ്റ് 14) ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. അവധി മൂലം നഷ്ടപ്പെട്ട പഠനദിനം വിദ്യാഭ്യാസ ഉപഡയറക്ടർ/പ്രിൻസിപ്പൽ പിന്നീട് ക്രമീകരിക്കും.

# വിളനാശം: കർഷകർക്ക് വിള ഇൻഷൂറൻസ് സഹായവും ലഭിക്കും

ജില്ലയിലെ ഭൂരിഭാഗം കർഷകരും വിള ഇൻഷൂറൻസ് ചെയ്തതിനാൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായത്തിന് പുറമെ വിള ഇൻഷൂറൻസ് ആനുകൂല്യവും കർഷകർക്ക് അനുവദിക്കാൻ സാധിക്കുമെന്ന് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ആഗസ്റ്റ് 13 വരെ 2655.94 ഹെക്ടർ സ്ഥലത്ത് വിളനാശം ഉണ്ടായതായി കണക്കാക്കുന്നു. പ്രധാനമായും നെല്ല് 982 ഹെക്ടർ, കമുക് 705.6 ഹെക്ടർ, വാഴ 461.32 ഹെക്ടർ, പച്ചക്കറി 210.1 ഹെക്ടർ, മരച്ചീനി 25.4 ഹെക്ടർ, തെങ്ങ് 16.16 ഹെക്ടർ, കുരുമുളക് 14.02 ഹെക്ടർ എന്നിങ്ങനെയാണ് നശിച്ചിരിക്കുന്നത്. പ്രധാനമായും പഴയന്നൂർ, ചാലക്കുടി, മാള, അന്തിക്കാട്, ചാവക്കാട്, ചേർപ്പ് ഭാഗങ്ങളിലാണ് കൃഷി നാശം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. വിളനാശം പരിശോധിക്കുന്നതിന് 24 മണിക്കൂറിനകം നടപടി എടുത്തതായും അറിയിച്ചു.

# പൊരിങ്ങൽക്കുത്തിൽ തുറന്നിരിക്കുന്നത് ഒരു സ്ലൂയിസ് ഗേറ്റ് മാത്രം

പൊരിങ്ങൽക്കുത്ത് ഡാമിൽ നീരൊഴുക്ക് കുറഞ്ഞതിനെ തുടർന്ന്, ഒരു സ്ലൂയിസ് ഗേറ്റ് അടച്ചു. നിലവിൽ ഒരു സ്ലൂയിസ് ഗേറ്റിലൂടെ മാത്രമാണ് ചാലക്കുടി പുഴയിലേക്ക് വെള്ളം ഒഴുകുന്നത്. ജലനിരപ്പ് 416.7 മീറ്ററാണ്. ജലനിരപ്പ് ഷട്ടർ ലെവലായ 419.4ൽ താഴെയായതിനാൽ ക്രസ്റ്റ് ഗേറ്റുകളിലൂടെയും വെള്ളം പുറത്തേക്ക് ഒഴുകുന്നില്ല. നിലവിൽ പൊരിങ്ങൽക്കുത്തിൽ സംഭരണശേഷിയുടെ 37 ശതമാനം മാത്രം ജലമാണ് സംഭരിച്ചിരിക്കുന്നത്.

## ന്യൂനമർദ്ദം:
## തീരദേശത്തെ സ്ഥിതിഗതികൾ വിലയിരുത്തി

ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദം കേരളത്തിൽ മഴയ്ക്കിടയാക്കുമെന്ന സാധ്യതയെ തുടർന്ന് ജില്ലയിലെ തീരദേശങ്ങളിലെ സ്ഥിതിഗതികളും മുന്നൊരുക്കങ്ങളും ജില്ലാ കളക്ടർ വിലയിരുത്തി. ഫിഷറീസ്, തീരദേശപോലീസ്, കോസ്റ്റ്ഗാർഡ് ഉദ്യോഗസ്ഥരുമായാണ് ജില്ലാ കളക്ടർ എസ് ഷാനവാസ് ചർച്ച നടത്തിയത്. ജില്ലയുടെ തീരദേശത്ത് ഇത് വരെ പ്രശ്നങ്ങളൊന്നുമില്ലെന്നും 650 മീൻപിടുത്തയാനങ്ങൾ കടലിൽ പോയിട്ടുണ്ടെന്നും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കെ വി സുഗന്ധകുമാരി അറിയിച്ചു. മീൻപിടുത്ത തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകാനുള്ള വിവിധ സംവിധാനങ്ങൾ സജ്ജമാണെന്നും അവർ പറഞ്ഞു. കടലോരജാഗ്രത സമിതികൾ, കോസ്റ്റൽ വാർഡൻ, ഹാർബർ മാനേജമെന്റ് കമ്മിറ്റി, മത്സ്യഭവനുകൾ, ഫോൺ മേസേജുകൾ എന്നിവ വഴി മുന്നറിയിപ്പ് നൽകാൻ കഴിയുമെന്നും അതിനുള്ള ഒരുക്കങ്ങൾ പൂർത്തീയാക്കിയെന്നും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു. വാടകയെക്കടുത്ത രക്ഷാബോട്ട് പ്രവർത്തന സജ്ജമാണ്.

വാട്സ് ആപ്പ് ഗ്രൂപ്പുകൾ വഴി വിവരങ്ങൾ കൈമാറാനുള്ള സജ്ജീകരണങ്ങളും ആവശ്യമെങ്കിൽ മൈക്ക് അനൗൺസ്മെന്റ് നടത്താനുള്ള സജ്ജീകരണങ്ങളും ഉറപ്പു വരുത്തിയിട്ടുണ്ടെന്ന് തീരദേശ സബ് ഇൻസ്പെക്ടർ എ നസീർ പറഞ്ഞു. തീരദേശ പോലീസിന്റെ രണ്ട് ബോട്ടുകളും കൊച്ചിൻ ഷിപ്പ്യാർഡിൽ അറ്റകുറ്റപ്പണിയിലായതിനാൽ അടിയന്തിര ഘട്ടങ്ങളിൽ ബോട്ട് വാടകയ്ക്ക് എടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

അടിയന്തിരഘട്ടങ്ങളിൽ രക്ഷാപ്രവർത്തനങ്ങളിലിടപെടാൻ ശേഷിയുള്ള 10 അംഗ പ്രത്യേക സംഘത്തെ ജില്ലയ്ക്കായി കോസ്റ്റ് ഗാർഡ് ഒരുക്കിയിട്ടുണ്ടെന്നും കടലിൽ മാത്രമല്ല കരയിലും ഇവരുടെ സേവനം ലഭ്യമാണെന്നും കോസ്റ്റ് ഗാർഡ് പ്രതിനിധി സാഗർ പി ദേവ് അറിയിച്ചു. കടലിലെ രക്ഷാപ്രവർത്തനത്തിനായി കപ്പലും ബോട്ടുകളും ഫോർട്ട് കൊച്ചി സ്റ്റേഷനിൽ സജ്ജമാണെന്നും അദ്ദേഹം പറഞ്ഞു. നിലവിൽ കടൽ പ്രക്ഷുബ്ധമകാനുള്ള സാധ്യത കുവാണെങ്കിലും കാറ്റിനുള്ള സാധ്യത തള്ളിക്കളയാനാകില്ല. അവശ്യഘട്ടങ്ങളിൽ ജാഗ്രത നിർദ്ദേശങ്ങൾ നൽകാൻ ഉദ്യോഗസ്ഥർ ബദ്ധശ്രദ്ധരാവണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു ഡിസാസ്റ്റർ മാനേജ്മെന്റ് ഡെപ്യൂട്ടി കളക്ടർ ഡോ. എം സി റെജിലും യോഗത്തിൽ പങ്കെടുത്തു. ജില്ലയിലെ പൊതു സ്ഥിതിഗതികൾ അദ്ദേഹം വിവരിച്ചു.

## പ്രളയക്കെടുതി : മൃഗസംരക്ഷണ മേഖലയിൽ
## 69.82 ലക്ഷം രൂപയുടെ നാശനഷ്ടം

മൃഗസംരക്ഷണ മേഖലയിൽ ജില്ലയിൽ 69.82 ലക്ഷം രൂപയുടെ നാശനഷ്ടം. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് മൃഗ സംരക്ഷണ വകുപ്പ് രണ്ട് ലക്ഷം രൂപ അനുവദിച്ചു. തൃശൂർ ജില്ലയിൽ ഇത് വരെ നാല് പശു, ഇരുപത്തിയൊന്ന് പശുക്കുട്ടി, പതിനൊന്ന് ആട്, ഇരുപത്തി അയ്യായിരത്തി മുന്നൂറ്റി മുപ്പത് കോഴി, ആറായിരം താറാവ്, നൂറ്റിനാല്പത് കാട, മൂന്ന് ടർക്കി എന്നിവക്ക് പ്രളയത്തിൽ നാശം സംഭവിച്ചു. പതിനാല് തൊഴുത്തും ഒരു ആട്ടിൻകൂടും തകർന്നു. ജില്ലയിലെ ഇരുപത്തിയഞ്ചു പഞ്ചായത്തുകളിലായി മുപ്പത്തിരണ്ട് ക്യാമ്പുകളിൽ കന്നുകാലികളെ പാർപ്പിച്ചിരിക്കുന്നു. ക്യാമ്പുകളിൽ ഉള്ള മൃഗങ്ങൾക്ക് ആവശ്യമുള്ള തീറ്റ, മരുന്നുകൾ, ധാതുലവണ മിശ്രിതങ്ങൾ, ചികിത്സ എന്നിവ അതാതു പഞ്ചായത്തുകളിലെ വെറ്റിനറി സർജന്റെ നേതൃത്വത്തിൽ നൽകുന്നു. പ്രളയ ബാധിതരായ കന്നുകാലികൾക്ക് ആറ് ടൺ പച്ചപുല്ലും ഇരുപത്തി രണ്ടായിരത്തി അഞ്ഞൂറ് കിലോഗ്രാം കാലിത്തീറ്റയും വിതരണം ചെയ്തു. മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ഇരുപത്തി നാല് മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. ഫോൺ : 0487 2424223, 9447246970.

## ചെറുകിട ജലസേചന വകുപ്പിന്
## ഒരു കോടിയോളം രൂപയുടെ നാശനഷ്ടം

കനത്ത മഴയിലും പ്രകൃതി ക്ഷോഭത്തിലും ചെറുകിട ജലസേചന വകുപ്പിന് ഒരു കോടിയോളം രൂപയുടെ നാശനഷ്ടം. ചാലക്കുടി പുഴ, കരുവന്നൂർ പുഴ, ഗായത്രിപുഴ, ഭാരതപുഴ തുടങ്ങിയ പുഴകളിലെ 90 ശതമാനം പമ്പ് ഹൗസുകളിലും വെള്ളം കയറി. വെള്ളം പലയിടത്തും ഇറങ്ങിത്തുടങ്ങിയെങ്കിലും ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിൽ പാനൽ ബോർഡുകൾ, മോട്ടോറുകൾ, പമ്പ്, സ്റ്റാർട്ടർ മുതലായവ വെള്ളത്തിൽ മുങ്ങിയതുമൂലം അറ്റകുറ്റപണികൾ ആവശ്യമാണ്. ചിലയിടങ്ങളിൽ കനാലുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. വെള്ളം കയറി സിൽട്ടുകൾ അടിഞ്ഞിരിക്കുന്നതിനാൽ കനാലുകളുടെ നാശനഷ്ടം കൃത്യമായി കണക്കാക്കാൻ സാധിച്ചിട്ടില്ല.

പല സ്ഥലങ്ങളിലും കനാൽ ഭിത്തി ഇടിഞ്ഞുപോയിട്ടുണ്ട്. പറൂച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ സൈഡ് ബണ്ട് മഴവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി. കോൺക്രീറ്റ് കനാൽ രണ്ടിടത്ത് തകർന്നിട്ടുണ്ട്. സൈഡ് പ്രൊട്ടക്ഷൻ വർക്കിന് നാശം സംഭവിച്ചിട്ടുണ്ട്. ഡാമുകളിൽ പൂമല, അസുരൻകുണ്ട് എന്നിവ തുറന്നുവിട്ടിട്ടുണ്ട്. പത്താഴക്കുണ്ട് നിറഞ്ഞുകൊണ്ടിരിക്കുന്നു. ഇവ കൃത്യമായി നിരീക്ഷിച്ച് കളക്ടറേറ്റിലെ ഡിസാസ്റ്റർ മാനേജ്മെൻറ് വിഭാഗത്തിന് റിപ്പോർട്ട് നൽകുന്നുണ്ട്.

# പൊയ്യ താഴ്വാരം റോഡ് ഇടിയുന്നു ; നാട്ടുകാർ ആശങ്കയിൽ

പൊയ്യ ഗ്രാമ പഞ്ചായത്ത് പന്ത്രണ്ടാം വാർഡിലെ താഴ്വാരം റോഡ് ഓരോ ദിവസം കഴിയുന്തോറും ഇടിഞ്ഞുകൊണ്ടിരിക്കുന്നത് നാട്ടുകാരിൽ പരിഭ്രാന്തി സൃഷ്ടിക്കുന്നു. നാൽപ്പത്തഞ്ചു അടിയോളം റോഡ് താഴേക്ക് ഇടിഞ്ഞ അവസ്ഥയിലാണ്.റോഡിന് താഴെയുള്ള അടിവാരത്തെ കരിങ്കൽക്കെട്ട് മണ്ണിടിച്ചിലിൽ തകർന്നു. റോഡിന്റെ ഒരു വശത്ത് മതിൽ കെട്ടി തിരിച്ച സ്വകാര്യ വ്യക്തിയുടെ പറമ്പിൽമുപ്പത് വർഷങ്ങൾക്ക് മുൻപ് അനധികൃതമായി മണ്ണെടുത്തിരുന്നു. ഇതിനെ തുടർന്ന് രൂപപ്പെട്ട വലിയ കുഴികളിൽ വെള്ളം കെട്ടിനിന്ന സാഹചര്യത്തിലാണ് റോഡ് ഇടിഞ്ഞത്. ഓരോ ദിവസം കഴിയുന്തോറും മതിലിന്റെ വശത്തോട് ചേർന്ന് വിള്ളൽ കൂടി വരുകയാണ്. പ്രദേശത്തെ ഇരുപത്തിയെട്ട് കുടുംബങ്ങൾ ഇപ്പോഴും ആശങ്കയിൽ കഴിയുന്നു. മണ്ണിടിച്ചിലിൽ രണ്ട് വൈദ്യുതി പോസ്റ്റുകൾ പൂർണ്ണമായും തകർന്നിരുന്നു.

കഴിഞ്ഞ ദിവസം വൈദ്യുതി പോസ്റ്റുകൾ പുനഃസ്ഥാപിച്ചു. പൊയ്യ - പൂപ്പത്തി ഭാഗത്തേക്ക് എളുപ്പമാർഗ്ഗമുള്ള വഴിയാണിത്. റോഡ് ഇടിഞ്ഞതിനെ തുടർന്ന് സമീപവാസിയായ കുരിശിങ്കൽ പാപ്പച്ചന്റെ കുടുംബത്തെ ക്യാമ്പിലേക്ക് മാറ്റിയിരുന്നു. റോഡിന്റെ അപകടാവസ്ഥക്ക് പരിഹാരം കാണുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് വാർഡ് മെമ്പർ ശുഭ സജീവൻ പറഞ്ഞു.

**(പടമുണ്ട്)**

# പൊരുതുന്ന കേരളത്തിനായി കൊടുങ്ങല്ലൂരു നിന്നും ഒരു കൊച്ചു കുടുക്ക

പ്രളയത്തിനെ അതിജീവിക്കാൻ പൊരുതുന്ന കേരളത്തിന് നേരെ കൈനീട്ടി കൊടുങ്ങല്ലൂരിൽ നിന്നും ഒരു കുഞ്ഞുകൈ. കൊടുങ്ങല്ലൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥി അക്ഷയ് ആണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ചിത്രം വരച്ചു കിട്ടിയ ചെറിയ സമ്പാദ്യം സംഭാവന നൽകിയത്. ചെറിയ പ്രായം മുതൽ തന്നെ ചിത്രം വരച്ചു തുടങ്ങിയ അക്ഷയ്ക്ക് ബന്ധുക്കളും നാട്ടുകാരും രൂപയുടെ രൂപത്തിൽ നൽകിയ പ്രോത്സാഹനസമ്മാനങ്ങളാണ് അവൻ ചെറിയ കുടുക്കയിൽ നിക്ഷേപിച്ചിരുന്നത്. പ്രളയകാഴ്ചകൾ കണ്ടതോടെ ഏറെ നാളത്തെ കുടുക്ക സമ്പാദ്യം പൊട്ടിക്കാൻ അക്ഷയ്ക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല. കുടുക്ക പൊട്ടിച്ചു കിട്ടിയ 6,000 രൂപ മുഖ്യമന്ത്രിയുടെ ആശ്വാസനിധിയിലേയ്ക്ക് നൽകുമ്പോൾ മുമ്പ് താൻ മുഖ്യമന്ത്രി പിണറായി വിജയന്റെ ചിത്രം വരച്ച് സമ്മാനിച്ച സമയം അദ്ദേഹം മൂർദ്ധാവിൽ തൊട്ടുപറഞ്ഞ 'നല്ല കുട്ടിയായി വളരണം' എന്ന വാക്കുകൾ അഭിമാനപൂർവ്വം ഓർത്തെടുക്കുന്നുവെന്ന് അക്ഷയ്. അക്ഷയ് നൽകിയ 6000 രൂപയുടെ കവർ നഗരസഭ ചെയർമാൻ കെ. ആർ ജൈത്രൻ ഏറ്റുവാങ്ങി. കൊടുങ്ങല്ലൂർ തെക്കെനടയിലെ

ഓട്ടോ ഡ്രൈവറായ പണിക്കശ്ശേരി ബിനോയിയുടെയും പരേതയായ വിനീതയുടെയും മകനാണ് അക്ഷയ്.

(പടമുണ്ട്)

## മലബാറിന് കൈത്താങ്ങായി സർവ്വീസ് സഹകരണസംഘങ്ങൾ

പ്രളയക്കെടുതിയിൽ ദുരിതം അനുഭവിക്കുന്ന മലപ്പുറം, വയനാട് ജില്ലകൾക്ക് കൈത്താങ്ങായി സർവ്വീസ് സഹകരണ സംഘങ്ങൾ. പാപ്പിനിവട്ടം സർവ്വീസ് സഹകരണ ബാങ്ക്, ശ്രീനാരായണപുരം പൂവ്വത്തിൻകടവ് സർവ്വീസ് സഹകരണ ബാങ്ക്, ആല സർവ്വീസ് സഹകരണ ബാങ്ക്, പെരിഞ്ഞനം സർവ്വീസ് സഹകരണ ബാങ്കുകളാണ് മലബാർ മേഖലയിലെ ദുരിതാശ്വാസക്യാമ്പുകളിലേയ്ക്ക് സഹായഹസ്തം നീട്ടിയത്. ഭക്ഷണം, മരുന്ന്, വസ്ത്രം തുടങ്ങി ക്യാമ്പിന് ആവശ്യമായ നിരവധി ഉൽപ്പന്നങ്ങൾ ജില്ലാ കളക്ടർ നേതൃത്വം നൽകുന്ന സംഭരണ കേന്ദ്രത്തിലേക്ക് കയറ്റി അയച്ചു. ഇ.ടി. ടൈസൺ മാസ്റ്റർ എം.എൽ.എ ഫ്ളാഗ് ഓഫ് നടത്തി. ബാങ്ക് പ്രസിഡണ്ടുമാരായ സി.കെ. ഗോപി, എം.ആർ ജോഷി, സന്തോഷ്, ഡോ. ഹർഷൻ തുടങ്ങിയ ബാങ്ക് മെമ്പർമാർ, സെക്രട്ടറിമാർ മറ്റു ബാങ്ക് ജീവനക്കാർ തുടങ്ങിയവർ ചടങ്ങിന് സാക്ഷ്യം വഹിച്ചു.

(പടമുണ്ട്)

## 'ക്ലീൻ പൊയ്യ' രണ്ടാം ഘട്ട ശുചീകരണ യജ്ഞത്തിന് തുടക്കം

ക്ലീൻ പൊയ്യ ഗ്രാമ പഞ്ചായത്ത് രണ്ടാം ഘട്ട ശുചീകരണ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനായി ജനപ്രതിനിധികളുടേയും ആരോഗ്യ പ്രവർത്തകരുടേയും സ്കൂൾ അധികൃതരുടേയും ജനപ്രതിനിധികളുടേയും സംയുക്ത യോഗം ചേർന്നു. പ്രസിഡണ്ട് ശ്രീമതി സി ജി വിനോദ് അദ്ധ്യക്ഷത വഹിച്ചു. വാർഡ് ജനപ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവരും മെഡിക്കൽ ഓഫീസർമാരും ആശാ പ്രവർത്തകരുൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകരും ക്യാമ്പുകൾ പ്രവർത്തിച്ചിരുന്ന സ്കൂളുകളിലെ പ്രധാന അധ്യാപകർ, ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ, വി.ഇ.ഒമാർ അങ്കണവാടി പ്രവർത്തകർ തുടങ്ങിയവരും പങ്കെടുത്തു. അസി. സെക്രട്ടറി സുജൻ പൂപ്പത്തി പദ്ധതി വിശദീകരണം നടത്തി. വൈസ് പ്രസിഡണ്ട് സിബി ഫ്രാൻസിസ്, ഗ്രാമപഞ്ചായ ത്ത് സെക്രട്ടറി അനിത കെ.സി. എന്നിവർ സംസാരിച്ചു.

## യോഗം 14 ന്

കുഴൂർ നിയോജകമണ്ഡലത്തിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് സംബന്ധിച്ച യോഗം ആഗസ്റ്റ് 14 രാവിലെ പത്തിന് തൃശൂർ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറുടെ ചേമ്പറിൽ ചേരും.

## യോഗം 17 ന്

ആർമി റിക്രൂട്ട്മെന്റ് റാലിയുമായി ബന്ധപ്പെട്ട യോഗം ആഗസ്റ്റ് 17 വൈകീട്ട് മൂന്നിന് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേരും.

## റാങ്ക്പട്ടിക റദ്ദായി

തൃശൂർ ജില്ലയിൽ ആരോഗ്യവകുപ്പിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് രണ്ട് (കാറ്റഗറി നമ്പർ 295/2016) തസ്തിയിലേക്ക് 2017 നവംബർ 16 ന് പ്രസിദ്ധീകരിച്ച റാങ്ക് പട്ടികിയിലെ മുഴുവൻ ഉദ്യോ ഗാർത്ഥികളെയും നിയമന ശുപാർശ ചെയ്തതിനെ തുടർന്ന് 2019 ആഗസ്റ്റ് 24 ന് റദ്ദായതായി പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു.

## സ്പോട്ട് അഡ്മിഷൻ

ആലപ്പുഴ പുന്നപ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയിൽ ദ്വിവത്സര ഫുൾടൈം എംബിഎ പ്രോഗ്രാമിൽ ഫിനാൻസ്, മാർക്കറ്റിങ്, ഹ്യൂമൺ റിസോഴ്സ്, ഓപ്പറേഷൻസ് എന്നിവയിൽ ജനറൽ, എസ്.സി, എസ്.റ്റി സീറ്റുൾപ്പടെ ഒഴിവുള്ള ഏതാനും സീറ്റ് ഒഴിവുണ്ട്. സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 14 ന് നടക്കും. സംവരണവിഭാഗത്തിന് ഫീസ് ആനുകൂല്യം ഉണ്ടായിരിക്കും. അൻപതുശതമാനം മാർക്കോടെ ബിരുദവും (എസ്സി/എസ്റ്റിക്ക് നാൽപ്പതുശതമാനം) അതോടൊപ്പം കെ-മാറ്റ്/ സി-മാറ്റ് / ക്യാറ്റ് ഉള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷാഫോമുകൾക്ക് കോളേജുമായി ബന്ധപ്പെടുക. വിലാസം : ഡയറക്ടർ, ഐ.എം.റ്റി പുന്നപ്ര, ഫോൺ : 0477 2267602, 9746125234, 8129659827.

## മാറ്റി വച്ചു

കാക്കനാട് കേരള മീഡിയ അക്കാദമിയിൽ പബ്ലിക് റിലേഷൻസ് ലക്ചറർ തസ്തികയിലേയ്ക്ക് നിയമനത്തിനായി ആഗസ്റ്റ് 14 ന് നടത്താനിരുന്ന ഇന്റർവ്യു ആഗസ്റ്റ് 22 ലേയ്ക്ക് മാറ്റി. ഫോൺ: 0484-2422275.

## പ്രളയക്കെടുതി: അഗ്നിശമന സേന 616 പേരെ മാറ്റി പാർപ്പിച്ചു

ജില്ലയിൽ പ്രളയം ബാധിച്ച പ്രദേശങ്ങളിൽ നിന്നും 616 പേരെ അഗ്നിരക്ഷാ സേന സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റി പാർപ്പിച്ചു. മാള മേഖലയിലാണ് ഏറ്റവും കൂടുതൽ ആളുകളെ മാറ്റി പാർപ്പിച്ചത്. 260 പേരാണ് മേഖലയിൽ മാറ്റി പാർപ്പിച്ചത്. വെള്ളപ്പൊക്ക കെടുതികളിൽ നിന്നും 102 പേരെ രക്ഷപ്പെടുത്തി. തൃശ്ശൂർ ഭാഗത്തു മാത്രമായി 41 പേരെ വെള്ളപ്പൊക്കം മറ്റ് കെടുതികളിലായി രക്ഷിച്ചു. സുരക്ഷ മുൻനിർത്തി 116 മരങ്ങൾ മുറിച്ചുമാറ്റി. പാലത്തിനടിയിലും ഡാമിലും കുടുങ്ങിയ 19 മരങ്ങൾ നീക്കം ചെയ്തു. മണ്ണ് വീണ് ഗതാഗതം തടസ്സമായ രണ്ട് സ്ഥലങ്ങളിൽ റോഡ് ഗതാഗതം പുനഃസ്ഥാപിച്ചു.

## മഴക്കെടുതി: ദുരിതാശ്വാസ സഹായവാഹനങ്ങളിൽ നിന്ന് ടോൾ ഈടാക്കില്ല

മഴക്കെടുതി ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാഹനങ്ങളിൽ നിന്ന് പാലിയേക്കര ടോൾപ്ലാസയിൽ ടോൾ ഈടാക്കുന്നത് അടുത്ത അഞ്ച് ദിവസത്തേക്ക് ഒഴിവാക്കും. ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന റവന്യൂ അധികൃതരുടെയും ടോൾ കമ്പനിയുടെയും യോഗത്തിന്റേതാണ് തീരുമാനം. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരും ക്യാമ്പുകളിലേക്ക് സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളും ടോൾ ബൂത്തിലൂടെ പല തവണ കടന്നുപോകേണ്ട സാഹചര്യമുണ്ട്. ഇവരെ ടോൾ പിരിവിൽ നിന്ന് അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ഒഴിവാക്കി. പ്രളയ മേഖലകളിലേക്ക് സഹായവുമായി പോകുന്ന വാഹനങ്ങൾക്കും ഇത് ബാധകമാണ്. ടോൾബൂത്തിലെ ക്യൂവിൽ നിൽക്കാതെ ഈ വാഹനങ്ങൾ വേഗം കടത്തിവിടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ എസ് ഷാനവാസ്, എഡിഎം റെജി പി ജോസഫ്, ഗുരുവായൂർ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## താൽക്കാലിക അങ്കണവാടി ഒരുക്കി ചേർപ്പ് സിഎൻഎൻ ഹൈസ്കൂൾ ക്യാമ്പ്

കുരുന്നുകൾക് താൽക്കാലിക അങ്കണവാടി ഒരുക്കി കളിയും ചിരിയും പാട്ടുമായി ചേർപ്പ് സിഎൻഎൻ ഹൈ സ്കൂൾ ക്യാമ്പ്. ദുരിതാശ്വാസക്യാമ്പിലെ കുഞ്ഞുങ്ങൾക്ക് അവർ ദുരന്ത മുഖത്താണെന്ന തോന്നൽ ഇല്ലാതാകുന്ന പരമാവധി ഒഴിവാക്കാൻ ശിശു വികസന ഓഫീസറുടെ നിർദേശ പ്രകാരമാണ് അങ്കണവാടി ടീച്ചർമാരും ആശ വർക്കർമാരും താൽക്കാലിക അങ്കണവാടി തുടങ്ങിയത്. 25 കുഞ്ഞുങ്ങളാണ് ഇവിടെയുള്ളത്. ഇതിനു പുറമെ 5 മുതൽ 17 വയസ്സ് വരെയുള്ള കുട്ടികളുടെ മനസികോല്ലാസത്തിനായി ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എന്റർടൈൻമെന്റ്

പ്രോഗ്രാമും നടത്തുന്നു. ഈ ക്യാമ്പിൽ ഇപ്പോൾ നിലവിൽ 188 കുടുംബങ്ങളിൽ നിന്നുള്ള 650 പേരാണ് ഉള്ളത്. ഇതിൽ 310 പുരുഷന്മാരും 340 സ്ത്രീകളുമാണ് ഉള്ളത്. ജില്ലയിൽ ഏറ്റവും അധികം അന്തേവാസികളെ ഉൾക്കൊളുന്ന ക്യാമ്പാണ് ഇതെന്ന പ്രത്യേകതയും ഇതിനുണ്ട്. ചേർപ്പ് പഞ്ചായത്തിൽ 8 ക്യാമ്പുകളാണ് ഉള്ളത്. കരുവന്നൂർ, എട്ടുമന, പനംകുളം, പൊട്ടിച്ചിറ, ഇഞ്ചമുടി, ചാഴൂർ, പടിഞ്ഞാറേ പെരുമ്പിള്ളിശ്ശേരി, പാറളം എന്നീ മേഖലകളിൽ നിന്നുള്ളവരാണ് ഈ ക്യാമ്പിൽ ഇപ്പോൾ ഉള്ളത്. ഈ മേഖലകളിൽ വെള്ളക്കെട്ട് ഇപ്പോഴും തുടരുന്നു. 60 വളന്റീയർമാരെ വെച്ചാണ് ഈ ക്യാമ്പിൽ ഭക്ഷണം പാകം ചെയ്യുന്നത്. തുടക്കത്തിൽ ഇവിടെ 256 കുടുംബങ്ങളിൽ നിന്നുള്ള 886 പേരാണ് ഉണ്ടായിരുന്നത്.

## ശുചീകരണം ആലോചന യോഗം ചേർന്നു

ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ മഴക്കെടുതിയോടനുബന്ധിച്ചുള്ള ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിക്കാൻ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി എൻ ജ്യോതിലാലിന്റെ അധ്യക്ഷതയിൽ ആലോചനയോഗം ചേർന്നു. വാർഡ് മെമ്പർ ചെയർമാനും ആശവർക്കർ കൺവീനറുമായി 16 വാർഡുകളിലും സ്ക്വാർഡുകൾ രൂപികരിച്ചു. ഹരിതകർമ സേന അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, എൻ എസ് എസ് വളണ്ടിയർമാർ, യുവജന ക്ലബ് അംഗങ്ങൾ , സന്നദ്ധ സേവ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തും. ശുചീകരണ വേളയിൽ എടുക്കേണ്ട മുൻകരുതലുകളെ കുറിച്ച് ഹെൽത്ത് ഇൻസ്പെക്ടർ ക്ലാസ്സെടുത്തു. പഞ്ചായത്ത് സെക്രട്ടറി വി എ ഉണ്ണികൃഷ്ണൻ നന്ദി പറഞ്ഞു.

## കവചം: പ്രകൃതിദുരന്ത മേഖലകളിൽ ആയുർവേദ ക്യാമ്പ്

തൃശൂർ ജില്ലയിൽ മഴക്കെടുതി ബാധിച്ച മേഖലകളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് ഭാരതീയ ചികിത്സാ വകുപ്പിന്റെ നേതൃത്വത്തിൽ കവചം ആയുർവേദ ക്യാമ്പ് സംഘടിപ്പിക്കുന്നു. എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ ആഗസ്റ്റ് 16 നാണ് ക്യാമ്പ് ആരംഭിക്കുക. പ്രകൃതി ദുരന്താനന്തരം ഉണ്ടാവാൻ സാധ്യതയുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കാനും മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള കൗൺസിലിങ്ങും തുടങ്ങിയ ചികിത്സാവിധികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയുർവേദ മെഡിക്കൽ അസോസിയേഷൻ, ആയുർവേദ മെഡിസിൻ മാനുഫാക്ച്ചേർസ് അസോസിയേഷൻ, ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ് അസോസിയേഷൻ, വൈദ്യരത്നം ആയുർവേദ കോളേജ്, പിഎൻഎൻഎം ആയുർവേദ കോളേജ് എന്നിവരുടെ സഹകരണത്തോടെയാണ് ക്യാമ്പ്.

## സ്വാതന്ത്ര്യദിനാഘോഷം: മന്ത്രി എ സി മൊയ്തീൻ അഭിവാദ്യം സ്വീകരിക്കും

ജില്ലയിൽ സ്വാതന്ത്ര്യദിനാഘോഷം ആഗസ്റ്റ് 15 തേക്കിൻകാട് മൈതാനിയിലെ വിദ്യാർത്ഥി കോർണറിൽ നടക്കും. രാവിലെ 8.30 ന് പതാക ഉയർത്തും. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി എ. സി മൊയ്തീൻ അഭിവാദ്യം സ്വീകരിക്കും. രാവിലെ എട്ടിന് പരേഡ് അണിനിരക്കും. എൻഎസ്എസ്, സ്കൗട്ട് ആന്റ് ഗൈഡ്സ്, പോലീസ്, ഫയർഫോഴ്സ്, ഫോറസ്റ്റ്, എക്സൈസ് വകുപ്പുകൾ തുടങ്ങിയവയാണ് പരേഡിൽ അണിനിരക്കുക. ദേശീയപതാകയ്ക്ക് ആദരവ് പ്രകടിപ്പിക്കൽ, ബാൻഡ് വാദ്യം, ദേശീയ ഗാനാലാപനം എന്നിവയും നടക്കും. മുഖ്യാതിഥിയായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പരേഡ് പരിശോധിക്കും. തുടർന്ന് സ്വാതന്ത്ര്യദിന സന്ദേശം നൽകും. ദേശഭക്തി ഗാനാലാപനം, സമ്മാനവിതരണം എന്നിവയും നടക്കും. ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവികൾ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിക്കും.

## വീട്ടിലേക്കു മടങ്ങുമ്പോൾ സുരക്ഷിതരാകാം

മഴവെള്ളം ഇറങ്ങി വീടുകളിലേക്ക് മടങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ വിശദമായ നിർദ്ദേശങ്ങൾ പുറത്തിറക്കി.

മുഴുവനായി വെള്ളത്തിൽ മുങ്ങിയ വീടുകളിൽ മെയിൻ സ്വിച്ച് ഓഫ് ആക്കുക, അടഞ്ഞു കിടക്കുന്ന മുറികളിൽ വായുമലിനീകരണം സംഭവിക്കാൻ ഇടയുള്ളതിനാൽ ഉപയോഗിക്കുന്നതിനു മുൻപ് ജനലുകളും, വാതിലുകളും തുറന്നിട്ടു വായുസഞ്ചാര യോഗ്യമാക്കുക. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിലെ വീടുകളും സ്ഥാപനങ്ങളും കഴുകി വൃത്തിയാക്കുക. വെള്ളപ്പൊക്കത്തെ തുടർന്ന് അടച്ചിട്ടിരിക്കുന്ന വീടുകൾ, അംഗന വാടികൾ, സ്കൂളുകൾ, റേഷൻ കടകൾ തുടങ്ങി മറ്റു ഭക്ഷ്യസംഭരണ കേന്ദ്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന അസംസ്കൃത ഭക്ഷണ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷം മാത്രം ഉപയോഗിക്കുക.

വൃത്തിയാക്കിയ വീടുകളിലും ,സ്ഥാപനങ്ങളിലും ബ്ലീച്ചിങ് പൗഡർ കലക്കിയ ലായനി ഒഴിച്ച് അണുനശീകരണം നടത്തുക, പരിസരം വൃത്തിയാക്കുന്നതിന് നീറ്റുകക്ക, കുമ്മായം എന്നിവ ഉപയോഗിക്കുക. കക്കൂസ് മാലിന്യങ്ങളാൽ മലിനപ്പെടാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കുക. വെള്ളക്കെട്ട് മൂലം മലിനപ്പെട്ട കിണറുകൾ, ടാങ്കുകൾ, കുടിവെള്ള സ്രോതസ്സുകൾ എന്നിവ ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കുക എന്നീ കാര്യങ്ങൾ ശ്രദ്ധിക്കണം. മലിന ജലവുമായി സമ്പർക്കത്തിലാകുന്നവർ വ്യക്തിഗത സുരക്ഷാ ഉപാധികൾ സ്വീകരിക്കേണ്ടതും എലിപ്പനിക്കെതിരെയുള്ള പ്രതിരോധ മരുന്നായ ഡോക്സി സൈക്ലിൻ കഴിക്കേണ്ടതുമാണ്. വീടുകളിലെ ഇലക്ട്രിക്കൽ ഉപകരണങ്ങളും മറ്റും ഇലക്ട്രീഷ്യനെക്കൊണ്ട് പരിശോധിപ്പിച്ചതിനു ശേഷം മാത്രം ഉപയോഗിക്കേണ്ടതാണ്. ഭക്ഷണ പാനീയങ്ങൾ സംഭരിക്കാനും, പാചകം ചെയ്യാനും ഉപയോഗിക്കുന്ന സാധന സാമഗ്രികൾ ശുദ്ധമാക്കുന്നതിന് ക്ളോറിനേറ്റ് ചെയ്ത ശുദ്ധ ജലം ഉപയോഗിക്കുക. ഭക്ഷണ പാനീയങ്ങൾ അടച്ചു സൂക്ഷിക്കുക. കെട്ടി നിൽക്കുന്ന വെള്ളത്തിൽ കൊതുകു പെരുകുന്നതിനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക. വീടിനു പുറത്തിറങ്ങുമ്പോൾ നിർബന്ധമായും ചെരിപ്പ് ഉപയോഗിക്കുകയും,പാദങ്ങളുടെ സംരക്ഷണം ഉറപ്പാക്കുകയും ചെയ്യുക, തുമ്മുമ്പോഴും, ചുമക്കുമ്പോഴും തൂവാല ഉപയോഗിച്ച് വായും, മൂക്കും മറച്ചു പിടിക്കുക. പനിയോ, മറ്റു രോഗലക്ഷണങ്ങളോ അനുഭവപ്പെട്ടാൽ ചികിത്സക്ക് വിധേയമാക്കുക എന്നിവയും ശ്രദ്ധിക്കേണ്ട താണ്.

ശുചീകരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ വിഷപ്പാമ്പുകളുടെ സാന്നിധ്യമുണ്ടാകാൻ ഇടയുള്ളതിനാൽ മുൻകരുതലുകൾ എടുക്കേണ്ടതും കടിയേറ്റാൽ വൈദ്യ സഹായം തേടേണ്ടതുമാണ്.

പാമ്പു കടിക്കുള്ള ചികിത്സ ലഭ്യമായിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾ ഇവയാണ്: തൃശൂർ ജനറൽ ആശുപത്രി, ഇരിഞ്ഞാലക്കുട ജനറൽ ആശുപത്രി, വടക്കാഞ്ചേരി ജില്ലാ ആശുപത്രി, ചാലക്കുടി താലൂക്ക് ആശുപത്രി, ചാവക്കാട് താലൂക്ക് ആശുപത്രി, കുന്നംകുളം താലൂക്ക് ആശുപത്രി, കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രി.

പാമ്പു കടിക്കുള്ള ചികിത്സ ലഭ്യമായിട്ടുള്ള സർക്കാരിതര ആശുപത്രികൾ ഇവയാണ്: ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, അമല മെഡിക്കൽ കോളേജ്, ദയ ഹോസ്പിറ്റൽ, കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, ചാലക്കുടി സെൻ്റ് ജെയിംസ് ഹോസ്പിറ്റൽ